# അൽമായവേദി ന്യൂസ് ബുള്ളറ്റിൻ

**അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരണം**

മെയ് 24, 2007

"ജനങ്ങളുടെ മുന്നേറ്റശക്തിയാണ് വേണ്ടത്. ജനശക്തി വേണ്ട രീതിയിൽ സംഘടിപ്പിക്കണം. ജനാധിഷ്ഠിതമായ വലിയ മുന്നേറ്റത്തിനു സഹായിക്കുന്ന ശക്തി ഉയർന്നുവരണം. ഇരുട്ടു വർദ്ധിക്കുന്ന സമയം. ജനങ്ങൾ അക്ഷമരായി കഴിഞ്ഞു. സഹിക്കാൻ മേലാത്ത സ്ഥിതി വന്നാൽ ജനങ്ങൾ ഇളകും. ജനങ്ങൾ ഇളകണം. ഇതിനു കഴിയുന്ന ഒരു പുതിയ ബദൽശക്തി ആവശ്യമായിരിക്കുന്നു."

**– പൗലോസ് മാർ ഗ്രിഗോറിയോസ്**



# ഫാ. ഡോ. ഒ. തോമസ് രാജിവച്ചു

**അൽമായവേദി ന്യൂസ് സർവീസ്**

കോട്ടയം: മുൻ വൈദികട്രസ്റ്റി ഫാ. ഡോ. ഒ. തോമസ് മാനേജിംഗ് കമ്മറ്റിയംഗത്വം രാജി വച്ചു. നോമിനേറ്റഡ് അംഗമായിരുന്നു അദ്ദേഹം. വർക്കിംഗ് കമ്മറ്റി പുനഃസംഘടനയിൽ തഴയപ്പെട്ടതിലുള്ള പ്രതിഷേധ സൂചകമായാണ് ഫാ. ഡോ. ഒ. തോമസ് രാജി വച്ചത്.

വൈദികട്രസ്റ്റി തെരഞ്ഞെടുപ്പിനു ശേഷം ഉടനെതന്നെ വർക്കിംഗ് കമ്മറ്റി പുനഃസംഘടിപ്പിക്കാനും ഫാ. ഡോ. ഒ. തോമസിനെ വർക്കിംഗ് കമ്മറ്റിയിലേക്കു നോമിനേറ്റു ചെയ്യാനും ഒരു ശ്രമം കുപ്പായ കോക്കസ് നടത്തിയിരുന്നു. എന്നാൽ സെമിനാരി വൈസ് പ്രിൻസിപ്പാളും പ്രമുഖ പണ്ഡിതനുമായ ഫാ. ഡോ. ജേക്കബ് കുര്യനെ പുറത്താക്കാനുള്ള ശ്രമം അൽമായവേദി വെളിച്ചത്തു കൊണ്ടുവന്നതോടെ ആ ശ്രമം തൽക്കാലം കെട്ടടങ്ങി.

പുതിയ സെക്രട്ടറി ചാർജെടുത്തതോടെ തങ്ങളുടെ ശത്രുക്കളെ വെട്ടിനിരത്തുവാനായി കുപ്പായ കോക്കസ് രംഗത്തെത്തി. അതിന്റെ ഭാഗമായാണ് വർക്കിംഗ് കമ്മറ്റി പുനഃസംഘടന നാടകം അരങ്ങേറിയത്. അവർ തന്ത്രപൂർവം പ. ബാവായിൽ നിന്നും ഒപ്പിട്ടു വാങ്ങാൻ ശ്രമിച്ച പുതിയ വർക്കിംഗ് കമ്മറ്റി ലിസ്റ്റിൽ ഫാ. ഡോ. ജേക്കബ് കുര്യനെ പുറത്താക്കുകയും പകരം ഫാ. ഡോ. ഒ. തോമസിന്റെ പേര് ചേർക്കുകയും ചെയ്തിരുന്നു. എന്നാൽ പിതാവ് ഭരണഘടനയുടെ 87-ാം വകുപ്പു പ്രകാരം കൂട്ടുട്രസ്റ്റിമാരുടെ യോഗം വിളിച്ചതോടെ ഈ രഹസ്യനീക്കം പാളി. മെയ് 21 -നു നടന്ന സ്ഥാനികളുടെ യോഗം സ്ഥാനമൊഴിയുന്ന വടക്കൻ ഭദ്രാസന പ്രതിനിധി ജോൺ സഖറിയായുടെ കൂടെ അഭിപ്രായം പരിഗണിച്ച് കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിൽപ്പെട്ട ഫാ. ഏലിയാസ് ചെറുകാടിനെ വർക്കിംഗ് കമ്മറ്റിയിലെ വൈദിക പ്രതിനിധിയായി നിയമിക്കാൻ നിശ്ചയിച്ചു.

ഇതിനിടെ പുതിയ സെക്രട്ടറി തന്റെ ശ്രമം മൂലം പുതിയതായി നോമിനേറ്റ് ചെയ്യപ്പെട്ട വർക്കിംഗ് കമ്മറ്റി അംഗങ്ങളെ വിവരം അറിയിക്കുകയും മെയ് 20 -നു തനിക്കായി സംഘടിപ്പിച്ച ഒരു സ്വീകരണത്തിൽ പ്രാസംഗികരായി ക്ഷണിക്കുകയും ചെയ്തിരുന്നു. 87-ാം വകുപ്പ് പ്രകാരമുള്ള യോഗം നിശ്ചയിച്ചതോടെ ഈ സ്വീകരണ പ്രഹസനം അലങ്കോലമായി.

സ്ഥാനികളുടെ ഉപദേശപ്രകാരമുള്ള വർക്കിംഗ് കമ്മറ്റി പുനഃസംഘടന പ. പിതാവ് അംഗീകരിച്ചതിനെ തുടർന്നാണ് ഫാ. ഡോ. ഒ. തോമസ് രാജി സമർപ്പിച്ചത്.

വാഗ്ദാന ലംഘനം നടത്തി രണ്ടാമൂഴത്തിനു മത്സരിക്കുന്നതുവരെ ആദർശശാലി എന്ന പരിവേഷമുണ്ടായിരുന്ന ഫാ. ഡോ. ഒ. തോമസ് രാജി വച്ചത്, സ്ഥാനമോഹിയാണെന്നു സ്വയം പ്രഖ്യാപിച്ചതുപോലെയായി എന്ന് വിലയിരുത്തുന്നവരുമുണ്ട്.

## ഫാ. വർഗീസ് വർഗീസ് മാനേജിംഗ് കമ്മറ്റിയിലേക്ക്

കോട്ടയം: ഫാ. ഡോ. ഒ. തോമസ് രാജിവെച്ച ഒഴിവിൽ അദ്ദേഹത്തിന്റെ വിശ്വസ്തനായ ഫാ. വർഗീസ് വർഗീസിനെ നോമിനേറ്റ് ചെയ്യിക്കാൻ ശ്രമം ആരംഭിച്ചു.

നോമിനേറ്റഡ് മാനേജിംഗ് കമ്മറ്റിയംഗങ്ങളുടെ ലിസ്റ്റിൽ യുവജനപ്രസ്ഥാനം പ്രതിനിധിയായി കടന്നു കൂടുവാൻ ഇദ്ദേഹം മുമ്പു ശ്രമം നടത്തിയിരുന്നു. എന്നാൽ മാർച്ച് 31 ന് കാലാവധി അവസാനിക്കുന്നു എന്ന സാങ്കേതികത്വത്തിൽ തട്ടി ഈ ശ്രമം പൊളിയുകയും പുതിയ സെക്രട്ടറി ഫാ. സ്പെൻസർ കോശിയെ നോമിനേറ്റ് ചെയ്യുകയും ചെയ്തു. ഫാ. ഡോ. ഒ. തോമസ് രാജിവച്ച ഒഴിവിൽ വീണ്ടും മാനേജിംഗ് കമ്മറ്റിയിലേയ്ക്ക് നോമിനേറ്റ് ചെയ്യിക്കാനാണ് ശ്രമം നടക്കുന്നത്.

ദേവലോകത്തെ കുപ്പായ കോക്കസിലെ അംഗമായിരുന്ന ഇദ്ദേഹം നോമിനേഷൻ ലഭിക്കാതിരുന്നതിനെ തുടർന്ന് *ഉചാമറ*യിലേയ്ക്കു ചേക്കേറിയിരുന്നു. കുപ്പായ കോക്കസ്സിന്റെ സ്വന്തം സ്ഥാനാർത്ഥി സെക്രട്ടറിയായതോടെ ഇദ്ദേഹം ആ കോക്കസ്സിൽ തിരിച്ചു ചേക്കേറിയതായാണ് സൂചന.

## ചാർജെടുത്തു

കോട്ടയം: പുതിയ അസോസിയേഷൻ സെക്രട്ടറി സ്ഥാനമേറ്റു. മെയ് 9-നു (കൊല്ലവർഷം 1182 മേടം 26) ബുധനാഴ്ച ഉത്രാടം നാൾ രാവിലെ 8 നും 8.15 നുമിടയ്ക്കുള്ള ശുഭമുഹൂർത്തത്തിലാണ് ദേവലോകത്ത് ചാർജ്ജെടുത്തത്.



ഡോ. ജോർജ്ജ് ജോസഫ്

തൃക്കുന്നത്തു സെമിനാരി മാനേജരും ക്യാനഡായിൽ നിന്നുമുള്ള മാനേജിംഗ് കമ്മറ്റി മെമ്പറുമായ ഫാ. ഡോ. എം. ഒ. ജോൺ, പ. പിതാവിന്റെ പ്രിൻസിപ്പൾ സെക്രട്ടറി ഫാ. ഡോ. സാബു കുറിയാക്കോസ് എന്നിവർ മാത്രമാണ് ചടങ്ങിൽ പങ്കെടുത്തത്. മുൻപതിവിനു വിരുദ്ധമായി ഓഫീസ് സമയത്തിനു മുമ്പായതിനാൽ ദേവലോകത്തെ ജീവനക്കാർ പോലും ചടങ്ങിനെത്തിയില്ല.

സമയം തെറ്റാതിരിക്കാൻ മുൻ സെക്രട്ടറി ഡോ. അലക്സാണ്ടർ കാരയ്ക്കലിനെ പ്രത്യേക വാഹനമയച്ചു വരുത്തിയാണ് സ്ഥാനാരോഹണം നടത്തിയത്.

# മെത്രാൻ സ്ഥാനമോഹികൾ ചതിച്ചു; ഫാ. ഡോ. മാത്യു ബേബിക്ക് സസ്പെൻഷൻ

**അൽമായവേദി ന്യൂസ് സർവീസ്**

കോട്ടയം: സെമിനാരി അദ്ധ്യാപകൻ ഫാ. ഡോ. മാത്യു ബേബിയെ സസ്പെൻഡു ചെയ്തു. പ. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ അനുമതി കൂടാതെ പെന്തിക്കോസ്തിക്കു പുതിയ ക്രമം ഉണ്ടാക്കി പ്രസിദ്ധീകരിച്ചു എന്ന ഗുരുതരമായ കുറ്റത്തിനാണ് പ. കാതോലിക്കാബാവാ സെമിനാരി അദ്ധ്യാപകസ്ഥാനത്തുനിന്നും ഫാ. ഡോ. മാത്യു ബേബിയെ സസ്പെൻഡു ചെയ്തത്.

സൗമ്യനും മിതഭാഷിയും ഊർജ്ജസ്വലനും ചെറുപ്പക്കാരനുമായ ഫാ. ഡോ. മാത്യു ബേബി അടുത്ത തെരഞ്ഞെടുപ്പിൽ മെത്രാൻ സ്ഥാനത്തെത്തുമെന്ന് അനേകർ പ്രതീക്ഷിച്ചിരുന്നു. ഈ മത്സര ഭീഷണി ഒഴിവാക്കാൻ മുൻ സഹ പ്രവർത്തകരായ രണ്ടു മെത്രാൻ സ്ഥാനമോഹികൾ ബോധപൂർവ്വം നടത്തിയ ചതിയാണ് ഈ സസ്പെൻഷൻ എന്ന ആരോപണം ഉയർന്നിട്ടുണ്ട്.

ദീർഘമായ പെന്തിക്കോസ്തി ക്രമം പരിഷ്കരിച്ച് പുതിയ ഒരു ക്രമം, മുമ്പ് മറ്റു പ്രാർത്ഥനക്രമങ്ങൾ എഴുതിയുണ്ടാക്കിയിട്ടുള്ള ഫാ. ഡോ. മാത്യു ബേബി രചിച്ചു. ഈ ക്രമം അഭിപ്രായത്തിനായി പലർക്കും അയച്ച കൂട്ടത്തിൽ മലങ്കരസഭാദീപം പത്രാധിപരും മുൻ സെമിനാരി അദ്ധ്യാപകനുമായ ഫാ. ഡോ. എം. ഒ. ജോണിനും അയച്ചിരുന്നു. അദ്ദേഹം ഈ ക്രമം മലങ്കരസഭാദീപത്തിന്റെ മെയ് 16-31 ലക്കത്തിൽ പ്രസിദ്ധീകരിച്ചു. ഫാ. മാത്യു ബേബിയുടെ അനുമതിയില്ലാതെയാണത്രെ ഇതു പ്രസിദ്ധീകരിച്ചത്. പുതിയ ക്രമത്തിന് ആമുഖമായി സെമിനാരി ഫാക്കൽറ്റിയുടെ തീരുമാനപ്രകാരവും അനുമതിയോടുകൂടെയുമാണ് ഈ ക്രമം പ്രസിദ്ധീകരിക്കുന്നത് എന്ന വിധത്തിൽ ഫാ. ഡോ. എം. ഒ. ജോൺ ഒരു മുഖവുര എഴുതിയിരുന്നു. താൻ ഇപ്പോഴും സെമിനാരി അദ്ധ്യാപകനാണെന്നു ദ്യോതിപ്പിക്കുന്നവിധമാണ് ഈ മുഖവുര എഴുതിയിരുന്നത്. ഈ മുഖവുരയാണ് ഫാ. ഡോ. മാത്യു ബേബിക്കെതിരായ ആയുധമായി ഉയർത്തിയത്. മലങ്കരസഭാദീപം പുറത്തിറങ്ങി ഏതാനും ദിവസങ്ങൾക്കുള്ളിൽ ഫാ. ഡോ. മാത്യു ബേബിക്ക് പ. കാതോലിക്കാബാവായുടെ സസ്പെൻഷൻ കല്പന ലഭിച്ചു. ആരോപണ വിധേയന് വിശദീകരണം നൽകാനുള്ള അവസരം പോലും നിഷേധിച്ചാണ് കല്പന ഇറക്കിയത്.

കഴിഞ്ഞ ഏതാനും ആഴ്ചകളായി പ. പിതാവിന്റെ ആരോഗ്യനില വഷളാണെന്ന കാരണത്താൽ പ. പിതാവിന്റെ ഓഫീസ് മേല്പട്ടക്കാർക്കുപോലും സന്ദർശനാനുമതി നിഷേധിച്ചിരിക്കുകയാണ്. ഈ സന്ദർഭത്തിൽ പ. എപ്പിസ്കോപ്പൽ സുന്നഹദോസിനോടോ സെമിനാരി ഫാക്കൽറ്റിയോടോ ആലോചിക്കാതെയും ആരോപണവിധേയന് സാമാന്യനീതി നിഷേധിച്ചും ഇപ്രകാരം ഒരു കല്പന തിടുക്കത്തിൽ എഴുതിയത് പ. പിതാവിന്റെ ഓഫീസിലെ മറ്റൊരു ചുമന്ന കുപ്പായമോഹിയുടെ കുതന്ത്രമാണെന്നും വിമർശനമുണ്ട്.

അടുത്ത മെത്രാൻ തെരഞ്ഞെടുപ്പിൽ സീറ്റ് ഉറപ്പാക്കാൻ നോമിനേറ്റഡ് മാനേജിംഗ് കമ്മറ്റി അംഗങ്ങളുടെ ലിസ്റ്റിൽ കൃത്രിമം കാണിക്കുകയും സ്വന്തം പിണിയാളെ അസോസിയേഷൻ സെക്രട്ടറിയാക്കാൻ അധികാര ദുർവിനിയോഗം ചെയ്യുകയും ചെയ്ത അതേ ശക്തികൾ തന്നെയാണ് തങ്ങളുടെ സ്ഥാനാർത്ഥിത്വത്തിനു ഭീഷണിയാവുന്ന ഫാ. ഡോ. മാത്യു ബേബിയെ ചതിച്ചതെന്നാണ് സൂചന.

ഇതിനിടെ പ. പിതാവിനെ ജനങ്ങൾക്ക് അദൃശ്യനാക്കുന്നത് ദുരാലോചനയുടെ ഫലമാണെന്ന ആരോപണവും പരസ്യമായി ഉയരുന്നുണ്ട്.

# പ്രതിഷേധം പുകയുന്നു

കൊച്ചി: വർക്കിംഗ് കമ്മറ്റി അംഗങ്ങളും അഴിമതിരഹിതരുമായ ഫാ. ഡോ. ജേക്കബ് കുര്യൻ, സഖറിയാ മാണി, ജോൺ സഖറിയാ എന്നിവരെ പുറത്താക്കാൻ നടത്തിയ നാടകത്തിൽ പ്രതിഷേധം പുകയുന്നു. ബാഹ്യകേരളത്തിലും വടക്ക് - തെക്ക് ഭേദമില്ലാതെ കേരളത്തിലും പ്രതിഷേധം രൂക്ഷമാവുകയാണ്.

മാനേജിംഗ് കമ്മറ്റിയിൽ മൂന്നിലൊന്നു പോലും വോട്ടു നേടാതെ കേവലം രണ്ട് വോട്ടിനു മാത്രം ജയിച്ച സെക്രട്ടറി തന്റെ യജമാനന്മാരുടെ വ്യക്തിവൈരാഗ്യങ്ങൾ തീർക്കാൻ സഭയെ കുരുതി കൊടുക്കുകയാണെന്ന ആരോപണം ഉയർന്നിട്ടുണ്ട്.

ഇതിനിടെ, ദേവലോകത്തെ കുപ്പായ കോക്കസ്സും രണ്ട് മെത്രാൻ സ്ഥാനാർത്ഥികളും ചേർന്ന് പ. പിതാവിനെ ജനങ്ങളിൽനിന്നകറ്റി നിർത്തി തങ്ങളുടെ ഹിഡൻ അജൻഡ നടപ്പാക്കുകയാണെന്ന് പലരും പരസ്യമായി പ്രസ്താവിച്ചു കഴിഞ്ഞു.

ഫാ. ഡോ. എം. ഒ. ജോണിനെ തൃക്കുന്നത്തു സെമിനാരിയിൽനിന്നു പുറത്താക്കാൻ നാലു മാസത്തിനുള്ളിൽ നാലു പ്രാവശ്യം ഉത്തരവാദിത്വപ്പെട്ട സമിതികളും സ്ഥാനികളും തീരുമാനമെടുത്തിട്ടും അതിന്റെ കല്പന ഇതുവരെ ഇറങ്ങാത്തതും തങ്ങളുടെ മെത്രാൻ സ്ഥാനമോഹത്തിന് ഭീഷണിയാവുന്ന ഫാ. ഡോ. മാത്യു ബേബിയെ സസ്പെൻഡു ചെയ്ത കല്പന 24 മണിക്കൂറിനുള്ളിൽ എത്തേണ്ടിടത്ത് എത്തിയതും ഈ ഗൂഢാലോചനയുടെ തെളിവാണെന്ന് ഇവർ ചൂണ്ടിക്കാട്ടുന്നു.

Published by K. V. Abraham Koduvath (President) on behalf of Akhila Malankara Orthodox Almayavedi (Reg. No. K 713/2005), PB No. 652, Kottayam Editor: Philipose Pottackavelil